

ലിറ്റിൽ കൈറ്റ്സ്
ജ്വാല
എം.എച്ച്.എസ്.എസ് പുത്തൻകാവ്

# ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം


മെട്രോപ്പോലിറ്റൻ ഹയർ സെക്കണ്ടറി സ്കൂൾ
പുത്തൻകാവ്


ഞങ്ങളുടെ സ്ഥാപകാചാര്യൻ
പുത്തൻകാവിൽ കൊച്ചുതിരുമേനി

# സ്കൂൾ ഹെഡ്മിസ്ട്രസ്



# ശ്രീമതി.ജെസ്സി എം നൈനാൻ

# സ്കൂൾ പ്രിൻസിപ്പാൾ



# ശ്രീമതി.പ്രിയ ജേക്കബ്

## പ്രിയപ്പെട്ട കുട്ടുകാരെ,



ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ രൂപം കൊണ്ട ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.ആധുനിക സാങ്കേതിക വിദ്യ ജീവിതത്തിന്റെ എല്ലാ മേഖലകളേയും സ്വാധീനിക്കുന്ന ഈ യുഗത്തിൽ കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ട് ഇത്തരം ഒരു സംരംഭം എഴുത്തിന്റെയും വായനയുടെയും ലോകത്തെ സൃഷ്ടിച്ചതിൽ ഏവരേയും അഭിനന്ദിക്കുന്നു . നമ്മുടെ സ്കൂൾ ഹൈ - ടെക്ക് വിദ്യാലയമായി ഉയർന്നതിനൊപ്പം കുട്ടികളും അവരുടെ ചിന്താധാര ഈ സാങ്കേതിക വിദ്യക്കനുസൃതമായി രൂപപ്പെടുത്തിയതിൽ അഭിമാനിക്കുന്നു . സർവ്വ മംഗളങ്ങളും നേരുന്നു....

സ്നേഹപൂർവ്വം,

**പ്രിയ ജേക്കബ്**

**[പ്രിൻസിപ്പാൾ]**

# സന്ദേശം



മെട്രോപ്പോലീറ്റൻ ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റിസിന്റെ ആഭിമുഖ്യത്തിൽ "**ജ്വാല**" എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകളെ പരിപ്പോഷിക്കുന്നതിൽ ഇത്തരത്തിലുള്ള മാഗസിനുകളുടെ നിർമ്മാണം കുട്ടികളെ ഏറെ സഹായിക്കുന്നു . ഈ പ്രസിദ്ധീകരണത്തിന്റെ നിർമാണത്തിൽ പങ്കാളികളായ എല്ലാ വിദ്യാർത്ഥികളെയും അധ്യാപകരെയും അനുമോദിക്കുന്നതിനൊപ്പം എല്ലാ വിധ ആശംസകളും നേരുന്നു.......

എന്ന്, സ്നേഹത്തോടെ..

**ജെസ്സി എം നൈനാൻ**

**ഹെഡ് മിസ്ട്രസ്സ്**

# എഡിറ്റോറിയൽ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തീജ്വാലയിൽ ഊന്നി വിദ്യാഭ്യാസ മേഖല വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിക്കുമ്പോൾ....

പുത്തൻ പ്രതീക്ഷകളും, സ്വപനങ്ങളും, ചിന്തകളും കുരുന്നു മനസ്സുകളിൽ "പട്ടം"പോലെ പാറിപറക്കുമ്പോൾ... ആ ചരടിൽ ഞങ്ങളും അണിചേരുന്നു...

പുതുപുത്തൻ സാങ്കേതിക വിദ്യയുടെ- ലിറ്റിൽ കൈറ്റ്സിന്റെ ആരാമത്തിൽ നറുമണം പരത്തുന്ന പൂക്കൾ വിരിയിക്കാനായി ഞങ്ങളും ജാഗരൂകരാകുന്നു....

ആ ഉദ്യമത്തിൽ ഞങ്ങൾ ഉയർത്തി വിടുന്ന "**ജ്വാല**" ലോകം മുഴുവൻ പ്രകാശിക്കട്ടെ എന്ന് പ്രത്യാശിച്ചുകൊണ്ട് സമർപ്പിക്കുന്നു....



സ്നേഹപൂർവ്വം,
എഡിറ്റർ
ആനിയ സൂസൻ വർഗീസ്

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ



ശ്രീമതി.ജെസ്സി എം മൈനാൻ

## സ്റ്റുഡന്റ് എഡിറ്റർ



ആനിയ സൂസൻ വർഗീസ്

## സ്റ്റാഫ് എഡിറ്റേഴ്സ്



ശ്രീ.ജയൻ കുരുവിള റ്റി



ശ്രീമതി.ഷീന വി തോമസ്

## സാങ്കേതിക ഉപദേഷ്ടാവ്



ശ്രീമതി.മിനി സാമുവേൽ

## സബ് എഡിറ്റേഴ്സ്



ജെറ്റ്ലി കെ മാത്യു



അബിൻ എബ്രാഹാം



സിന്റിയ റേച്ചൽ സുബു

# സ്കൂൾ സ്റ്റാഫ്



# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ





# ലിറ്റിൽ കൈറ്റ്സ്....അറിവിന്റെ പാതയിലൂടെ





# അമ്മ



ജനനം നൽകിയോരമ്മ
എന്നെ വളർത്തിയോരമ്മ
ആദ്യക്ഷരങ്ങൾ പഠിപ്പിച്ച
ആദ്യഗുരു എൻ അമ്മ
ഞാൻ വരാൻ വൈകുന്ന നേരമിപ്പോഴും
അകം നീറി കാതിരിക്കുന്നോരു അമ്മ
നമിക്കുന്നു തായെ നിൻ പാതമെപ്പോഴും
നീയാണഖിലേശ്വരി ഭൂമിയുടെ നൻമ്മ
സ്നേഹവും സഹനവും ചേർന്നാൽ
അമ്മ എന്ന പദം ജനിക്കുന്നു
വാത്സല്യത്തിന്റെ നിറകുടമാണമ്മ
സ്നേഹത്തിൻ പ്രതീകമാണ് അമ്മ
കനിവിൻ ഉറവിടമാണമ്മ
അമ്മയുടെ താരാട്ട് കേൾക്കാൻ
നെഞ്ചിലെ ചൂടേൽക്കാൻ
ഇന്നും കൊതിക്കുകയാണെന്നുള്ളം



ബിജീഷ് ബാബു
8 ബി

# ആ വെള്ളപ്പൊക്കത്തിൽ......

ആഗസ്റ്റ് 15 ഇന്ത്യയൊട്ടാകെ സ്വാതന്ത്ര്യം ആഘോഷിച്ചപ്പോൾ കേരളം തനിക്ക് ഒരുക്കിവെച്ച വിനയെ ഓർത്തില്ല.പേമാരി അങ്ങ് ഇങ്ങ് ശക്തിയായപ്പോൾ പുഴകൾ ഭദ്രകാളിയെപ്പോലെ വേഷപ്രച്ഛന്നായി.



കരകവിഞ്ഞു, വിശപ്പടങ്ങാത്ത കഴുകൻ കണ്ണുകളെപ്പോലെ പെരുംമാളുകളെയും ഹൃദയമിടിത്തിന്ന പല വാതിലുകളെയും മുക്കികളഞ്ഞു. അതെ,വെള്ളപ്പൊക്കം നൂറ്റാണ്ടിൽ നടന്ന അതി ഭീകരമായ പ്രളയം.അത് കേരളത്തെ  കുഴിയിലാക്കി. വെള്ളക്കുഴികൾ....

അതി മനോഹരവും മന്ദം മന്ദം ഒഴുകികൊണ്ടിരുന്ന പമ്പ..അതോ അതിൻെറ ഗതി മാറി കരയിൽ കയറി. ഒഴുക്കിൻെറ ശക്തി കൂടിയതും ജനജീവീതം ക്ഷയിക്കാൻ പോകുകയാണെന്ന തിരിച്ചറിഞ്ഞു.

വീടിൻെറ മുമ്പിലത്തെ റോഡ് രാവിലെ

കവിഞ്ഞിരുന്നു. വെള്ളം കണ്ട എന്നിലെ  ജിജ്ഞാസയും കൗുകവുംഎൻെറ മനസ്സിൽ അങ്ങനെ വെള്ളംസ്ഥാനംപിടിച്ചു.ഏറെ നേരം ഈ ആരവം ഉണ്ടായിരുന്നില്ല. ഇത്രയും നേരം കൗതുകത്തോടെ നോക്കിയ വെള്ളം രാത്രിയായപ്പോൾ ഭീഷണിയായി.. ഒറ്റ നിമിഷം കൊണ്ട് വെള്ളം ഇല്ലായ്മകൾക്ക് കാരണമാകുമെന്ന തോന്നൽ ഉണ്ടായി.വയറ്റിൽ നിന്ന് തീ ആളി കണ്ണിൽ സങ്കടത്തുള്ളികൾ.ആശ്വാസവാക്കുകളുമായി വീട്ടുകാർ എത്തിയപ്പോഴും ഉള്ളിലെ തീ അപ്പോഴും അണഞ്ഞിരുന്നില്ല.രാത്രി പകലാക്കാൻ ആ തീ വിസമ്മതയായി. പാതിരാത്രി കോളാമ്പി ചൂടിയ ജീപ്പുകൾ വെള്ളകെടുതി ജാഗ്രത നൽകിയതും തീ വയറ്റിൽ നിന്നു ശരിരത്തിലേക്കു പടർന്നു. ഉറങ്ങാൻ വയ്യാതെ അലസപ്പെട്ട മനസ്സ് അൽപ്പനേരം കൂടിയുറച്ചു. കണ്ണ് തുറന്നതും നിലവിളി കേട്ട്. അയലത്തെ സ്ത്രീ വാവിട്ടു കരയുന്നു.അതാ,വരാന്തയുടെ ഒന്നാം പടി മുങ്ങി.ശബ്ദകോലാഹലഹനം നിറഞ്ഞ അന്തരീക്ഷം..അയലത്തുള്ളവരുടെ പാലായനം സാഹസികമായിരുന്നു..എല്ലാം കണ്ട് നിന്ന് ഞാൻ വെള്ളത്തിൻെറ ഗതി മനസ്സിലാക്കി.സാധനസാമഗ്രികൾ വാരിക്കൂട്ടി തട്ടിൽ സുരക്ഷിതമാക്കി വെച്ചു. കൈയിൽ

കിട്ടിയതെലാം വാരി ,അതാ വെള്ളത്തിലേക്കു
നീങ്ങുകയായി..വെള്ളത്തിൽ നിന്ന് എവിടെക്കു
പോകണമെന്ന ഞാൻ ആ കറുത്ത ജീവിയുടെ (പോത്ത്)
പാലായനം കണ്ട് അതിശയിച്ചു. എന്നിൽ പടർന്ന ആ തീ
കനലായി എനിക്ക് ആത്മവിശ്വാസം നൽകി.കൈകളും
കാലുകളും നടക്കാൻ വയ്യാത്തതും ചുകിചുളിഞ്ഞ
ശരീരമായ ആ വൃദ്ധ വെള്ളത്തെ നേരിട്ടു. ഞാനും കഴുത്തറ്റ
വെള്ളത്തിൽ മുങ്ങിപ്പൊങ്ങി.. ആദ്യമൊക്കെ വെള്ളത്തിൽ
ഇറങ്ങിയപ്പോൾ ഭയമായിരുന്നു.പിന്നീട്
ആവേശമായി...വെല്ലുവിളിയായി...ശക്തിയായ കാറ്റു
പോലെ വെള്ളത്തിലേക്ക് ആഞ്ഞടിച്ചു.കരയിൽ എത്തിയ
ഞാൻ ചുറ്റും വെള്ളമുള്ളതുപോലെ അനുഭവപ്പെട്ടു.പിന്നീട്
എങ്ങോട്ടു പോകണമെന്നു അറിയാതെ നിന്നപ്പോഴാണ്
അത് സംഭവിച്ചത്..കണ്ണ് ഒന്നു അടച്ചു തുറന്നപ്പോഴേക്കും
നിന്ന സ്ഥലം വെള്ളത്തിലായി.എങ്ങും ചെങ്ങന്നൂർ മുങ്ങി
എന്ന കേൾവി...വണ്ടികൾ ഓടാതെയായി..ഭക്ഷണം
കിട്ടാതെയായി..ശരിക്കും ചെങ്ങന്നൂർ ഒറ്റപ്പെട്ട
അവസ്ഥ..യുദ്ധാന്തരീക്ഷത്തിൽ മുഴുകിയ ചെങ്ങന്നൂർ
ആളുകളുടെ ആരവമൊഴിഞ്ഞ് പരിസരം
ശാന്തമായി..ആകാശത്തിനു മുകളിൽ എന്നും

കൗതുകത്തോടെ നോക്കികൊണ്ടിരുന്ന ആ ഭീമ ഹെലികോപ്റ്റർ തലങ്ങും വിലങ്ങും ചീറി പറക്കുന്നു . സജീവമായി അത് ഹെലികോപ്റ്റർ അല്ല , രക്ഷാനായകനാണ് ഞങ്ങളുടെ . എങ്ങും ആളുകൾ കാത്തിരിക്കും ഈ നായകന്റെ ഒരു ഇരമ്പൽ കേൾക്കാൻ....



**സ്വാതി .റ്റി .എസ്**

**10 എ**

# ഓർമ്മക്കുറിപ്പ്........

നാം പല തരത്തിലുള്ള ഓർമ്മക്കുറിപ്പുകൾ കണ്ടിട്ടുണ്ടാവാം .എന്നാൽ ഇവിടെ ഞാൻ പങ്കുവയ്ക്കുന്നത് ഒരു വ്യത്യസ്തമായ വിഷയത്തെക്കുറിച്ചാണ് . അത് മറ്റൊന്നുമല്ല പ്രളയം തന്നെ . 2018 -ൽ ആഗസ്റ്റ് 15-ൻ അകം നാം നേരിട്ട ഒരു വലിയ ദുരന്തം.



നമ്മൽ ഒറ്റക്കെട്ടായി നിന്ന് നേരിട്ട ഒരു ദുരന്തം . ഓരോരുത്തരുടെയും ജീവിതത്തിൻെറ താളം തെറ്റിച്ച ദുരന്തം .ആ താളം തെറ്റലിൽ വീണു പോയവർ .അവരെ ഒരു കരക്കെത്തിക്കാൻ അവർക്ക് താങ്ങായി നിന്നവർ .ബന്ധപ്പെട്ട ഓർമ്മ

എനിക്കൊരു വേറിട്ട അനുഭവമായിരുന്നു
.കാരണം വെള്ളത്തിന്റെ പാച്ചിലിൽപ്പെട്ട്
അതിന്റെ നീരൊഴുക്കിൽ പെട്ട് തുഴയാൻ
പഠിച്ചവരാണ് ഞാനും

നിങ്ങളും.തൊട്ടടുത്തുള്ളവരെല്ലാം
രക്ഷപെടാൻ ഉള്ള

ഓട്ടത്തിലായിരുന്നു . കൂടെ ഞങ്ങളും .
സ്വന്തം വീട്ടിലുള്ള സാധനസാമഗ്രികൾ

നഷ്ടപ്പെടുന്നു.ജീവിതം മുഴുവൻ അധ്വാനിച്ച്
കെട്ടിപ്പൊക്കിയ വീട് വെള്ളത്തിൽ
മുങ്ങുമ്പോൾ മറ്റുള്ളവരിൽ ഉണ്ടാകുന്ന

സങ്കടം എനിക്കും ഉണ്ടായി . 'ഇനി എന്തു
ചെയ്യുമെന്ന ചോദ്യവും '? എന്തായാലും
ഒരു നീണ്ട ഓർമ്മ തന്നെയായിരുന്നു .
ഇന്നും ഞാൻ അത് ഓർക്കുന്നു .പെട്ടെന്നു
മറക്കാൻ പറ്റിയ ഒന്നും ഇല്ലല്ലോ .
എന്റെയും എന്റെ കുടുംബത്തിന്റെയും

**മനസ്സിനെ പിടിച്ചു കുലുക്കിയ ഈ അനുഭവം ഇവിടെ ഒരു ഓർമ്മക്കുറിപ്പായി ഞാൻ അവതരിപ്പിച്ചു കഴിഞ്ഞു.നമ്മുടെ ഓർമ്മകളിൽ വീണ്ടും ഒരു പ്രളയക്കെടുതി ഉണ്ടാകരുത് എന്ന് ആഗ്രഹിക്കുകയാണ് ഞാൻ.**



**നന്ദന എസ്**

**8 ഡി**

# പ്രളയത്തിന്റെ ബാക്കി പത്രം..



# ആന [ശാസ്ത്രക്കുറിപ്പ്]

## ആനയുടെ

## ഉദ്ഭവം ;



ഏതാണ്ട് ഏഴരക്കോടി വർഷം മുമ്പാണ് മുമ്പാണ് ഭൂമിയിൽ ആനകൾ ഉടലെടുത്തതെന്ന കരുതുന്ന ..ചരിത്രാതിക്കാലത്താ പലതരം ആനവർഗങ്ങൾ ഉണ്ടായിരുന്നവെങ്കിലും ഇന്ന് അവയിൽ രണ്ടെണ്ണം മാത്രമേ അവശേഷിക്കുന്നുള്ളു. ആഫ്രിക്കൻ ആനയും ഏഷ്യൻ ആനയും. ഈ രണ്ട് ആനവർഗങ്ങളുടെയും പൂർവികർ ഒരു കാലത്ത് യൂറോപ്പ് അമേരിക്ക എന്നീ ഭൂഖണ്ടങ്ങളിലും കാണാം .

### ആനവർഗം മൂന്നുതരം :

പണ്ട് ഭൂമിയിലുണ്ടായിരുന്ന ആനവർഗങ്ങളെ പൊതുവേ മൂന്ന് ഉപഗണങ്ങളായി ശാസ്ത്രജ്ഞൻമാർ തരം

തിരിച്ചിരിക്കുന്നു . മെറിത്തെവത്തെയോഡിയ ഡൈനോത്തെറിയോഡിയ ഡൈനോത്തെറിയോഡിയ എലിഫന്റോയിഡിയ എന്നിവയാണ് .

## മാമത്ത്:

ആധുനിക ആനകളുടെ മുൻഗാമി എന്നറിയപ്പെടുന്ന മാമത്തുകൾ എലിഫന്റിഡെ കുടുംബത്തിൽ ഉൾപ്പെടുന്നു . 15 അടിയോളം ഉയരം, 16 അടിയോളം നീളമുള്ള കൊമ്പുകൾ ഇന്നത്തെ ആനകളുടേതുപോലുള്ള പല്ലുകൾ കറുത്ത തുമ്പിക്കൈ, ചെറിയ ചെവി , വലിയ തുടൽ ദേഹം മുഴുവൻ രോമം എന്നിവ ഇവയയുടെ പ്രത്യേകതകളാണ് . മനുഷ്യൻ ഉണ്ടാകുന്നത് തൊട്ടുമുമ്പു വരെ ഇവ ഭൂമിയിലുണ്ടായിരുന്നു .

ആദിത്യ റിട്ടേഷ്



8 ഡി

# മഹത് വചനങ്ങൾ

.സത്യത്തിന്റെ പാത ഇടുങ്ങിയതും നേരെയുള്ളതുമാണ്.

.പ്രകാശമെന്നത് ഈശ്വരന്റെ നിഴലാണ്.

.കണക്കിലേറെ കരുതലായാൽ കാര്യം ഫലം തുച്ഛം.

.വെളിച്ചത്തിൽ തനിയെ നടക്കുന്നതിലും ഭേദം ഇരുട്ടത്ത് ഒരു ചങ്ങാതിക്കൊപ്പം നടക്കുന്നതാണ്.

.സ്ത്രീ നിഴലാണ് അടുക്കുംതോറും അകലും . അകലുംതോറും അടുക്കും .

.സ്നേഹമില്ലാത്ത ജീവിതമെന്നത് മരണത്തിനു തുല്യമാണ്.

.നമുക്ക് പരസ്പരം പുഞ്ചിരിച്ചു കൊണ്ട് ഇടപെടാം . കാരണം പുഞ്ചിരിയെന്നത് സ്നേഹത്തിന്റെ ആരംഭമാണ്.

.മനസ്സാണ് ഏറ്റവും വലിയ കോട്ട .മനസ്സു തകർന്നാൽ യുദ്ധത്തിൽ തോറ്റു .



സിന്റിയ റേച്ചൽ സുബു

9 സി



# കാഞ്ചന പുഷ്പം

അല്ലയോ സ്വർണ്ണമാർന്ന പുഷ്പമെ
നിൻ കാന്തിതൻ മുമ്പിൽ സ്വർണ്ണം പോലുംമെന്നുമല്ല
നിന്റെ കർത്തവ്യങ്ങിളിൽ നിന്നെ ആത്മാർത്ഥത എത്ര മഹത്വരം.
നിന്റെ  അമ്മയാം സസ്യത്തെ നീ നിന്റെ
സ്നേ്ഹമാകുന്ന  സ്വർണ്ണ നിറം കൊണ്ട് ശോഭനീയമായിതീർക്കിന്നു
മാതൃത്വം നീ വിസ്മരിക്കാതെ നിന്റമ്മക്ക്
വേണ്ടി നീ ജീവിച്ചു ആയതിനാൽ
നീ  ഈ മനുഷ്യരെകാട്ടിലും മഹത്ത്വംമുള്ള തായിതീർന്നു.
ഭൂമിയിലെ ഓരോ വസ്ത്തുക്കൾക്കു മുള്ള
മഹത്ത്വം എന്നി മാനവാരാശി അറിയുന്നു വൊ
അന്നി ഭൂമി സ്വർഗം പോലെ  പരിലസിക്കും
കാഞ്ചന പുഷപ്പം പോലെ പരിപാവനമായിത്തീരൂം..



ദേവൂട്ടി.എസ്
8 എ

# മൂല്യാധിഷ്ഠിത ജീവശാസ്ത്രപഠനം - ഇന്നിന്റെ ആവശ്യം

ഭൂമിയിലെ കോടിക്കണക്കിന്

ജീവജാലങ്ങൾ ഒന്നു മാത്രമാണ് മനുഷ്യൻ . മറ്റുള്ളവയിൽ നിന്നു വ്യത്യസ്തമായി ലഭിച്ച കഴിവുകൾ ഉപയോഗിച്ച് പരിസ്ഥിതിയിലെ വിഭവങ്ങൾ പരമാവധി ഉപയോഗിച്ച് പ്രകൃതിക്കു

നാശം വരുത്തി , ലോകം കാൽ

ചുവട്ടിലാക്കാനുള്ള ത്വര വർധിപ്പിച്ചു . ശാസ്ത്ര പുരോഗതി നാം അവകാശപ്പെടുമ്പോഴും പ്രകൃതി ദത്തമായ സ്രോതസുകളുടെ ഉപയോഗം

വർധിപ്പിക്കുകയല്ലാതെ മറ്റെന്താണ് ചെയ്യുന്നത് ? ശാസ്ത്ര പുരോഗതിയിലൂടെ മനുഷ്യനെ മനുഷ്യത്വമില്ലാതാക്കി മാറ്റുന്ന ശൈലി നമ്മുടെ

ജീവിതത്തിൽ നാം അവ ലംഘിക്കുകയാണിത് .
മനുഷ്യനിലുണ്ടായിരിക്കേണ്ട സമസൃഷ്ടികളോടുള്ള
സഹഭാവം നാം മറക്കുകയോ ബോധപൂർവ്വം
ലംഘിക്കുകയോ അണ് ചെയ്യുന്നത് .മൂല്യമുള്ള
മനുഷ്യന്റെ സൃഷ്ടിയാണ് വിദ്യാഭ്യാസം ചെയ്യുന്നത്
എന്നാൽ ഇന്ന് നാം സ്വയം നശിക്കുന്ന ,
നശിപ്പിക്കുന്ന പഠനമല്ലേ നടത്തുന്നത് ?
കായികാധ്വാനം കുറയുന്ന പുതിയ ജീവിത ശൈലി
വ്യക്തിപരനായി മനുഷ്യന് ഗുണം
ചെയ്യുന്നതാണോ ? പുതിയതരം സങ്കീർണമായ
രോഗങ്ങളുടെ ആവിർഭവത്തിനു നിത്യ
രോഗത്തിനും മരണത്തിനു മനുഷ്യൻ
കീഴ്പെടുന്നതല്ലാതെ ഇതിന്റെ അനന്ത ഫലമെന്ത്
? വ്യവസായ വിപ്ലവങ്ങൾ നമ്മെ എത്തിച്ചത്
എവിടെ ? ആതുര സേവനമായി മുൻ തലമുറക്കാർ
അനുഷ്ഠിച്ച ഒരു പുണ്യനായിരുന്നുവെങ്കിൽ ഇത്
വൻ വ്യവസായി ആരോഗ്യ പരിപാലനം ആയി
മാറിയിരിക്കുന്നു . എവിടെയാണ് മനുഷ്യന്റെ

വിവേകത്തിൽ നിന്നും ഉദ്ഭവിച്ച മൂല്യങ്ങൾ ?

നാം ഇത് സ്വയ നിലനിൽപ്

നിഷേധിക്കപ്പെട്ട പരാദങ്ങളായി അധഃപതിച്ചില്ലേ. മാഫിയകൾ എല്ലാ മേഖലയിലും കടന്നു കയറിയിരിക്കുന്നു . കുടിക്കാത്ത ജലം മുതൽ പാർപ്പിടം വരെ ഇന്ന് ഇത്തരം ഏജന്റെ വാരി കുടുങ്ങി കിടക്കുന്നു.ഇത് ഭവനങ്ങിളിൽ നടക്കുന്ന ആഘോഷപരിപാടികൾ ഈവന്റ് മാനേജ്മെന്റിന്റെ നിയന്ത്രണത്തിലാണ് . ശുചിത്വം ഇന്ന് സാമൂഹ്യ  ദുരന്തമായി മാറിയിരിക്കുന്നു . നമ്മുക്കു ചുറ്റുമുള്ള മാല്യന കുമ്പാരങ്ങൾ ഇതിന് ഉദാഹരണമാണ്.

മാതാപിതാക്കൾ ഉൾപ്പെടെ

ഇഷ്ടവസ്തുക്കളോടുള്ള താല്പര്യം മാറുന്നതനുസരിച്ച് തിരസ്ക്കരണം ഒരു സ്വഭാവമായി മാറിയില്ലേ ? ഇവയെ പാഴ്വസ്തുക്കൾ എന്നു ചിന്തിച്ച നാം തള്ളിക്കളയുന്നു . ഇതിൽ നിന്നു നമ്മുക്കു മോചനം ഉണ്ട് . പാരിസ്ഥിക ആത്മീയത നഷ്ടമായതാണ്

ഇതിനു കാരണം . ഈശ്വര സൃഷ്ടി എന്നു കരുതുന്ന ഇവയിലെ മറ്റ് ജീവജാലങ്ങളെ നാ
സാനേഹിക്കണം , എന്നു  പഠിപ്പിച്ചിരുന്ന ഭാരതീയ സംസ്കാരം നമ്മുക്ക് ആവശ്യമായി
തീർന്നിരിക്കുന്നു . നമ്മുടെ ജീവിത ശൈലിയിൽ
കുറയ്ക്കുക , വീണ്ടും ഉപയോഗിക്കുക , പുനർക്രമീകരിക്കുക എന്ന തത്ത്വത്തിലേക്ക് നാം
മാറണം . നമ്മുടെ നിലനിൽപ്പ് നിലവാര്യമുള്ളതാകുന്നത് നമ്മുടെ അവശ്യങ്ങളുടെ അത്യാർത്തിയല്ല എന്നുള്ള തിരിച്ചറിവ് ഇതിനു
സഹായിക്കുന്ന പഠനകേന്ദ്രങ്ങൾ ഉണ്ടാകണം . മനുഷ്യനെ യന്ത്രങ്ങളാക്കുന്ന വ്യവസായതലകളാക്കി മാറ്റുന്നതായിതീർക്കരുത്
നമ്മുടെ സരസ്വതിക്ഷേത്രങ്ങൾ .എല്ലാം നഷ്ടപ്പെട്ടു
എന്ന വിലാപമല്ല നമ്മുക്ക് വേണ്ടത് . മനുഷ്യമനസ്സിലേക്ക് നന്മയുടെ തിരിനാളം തെളിയിക്കുന്നതിനുള്ള സംഘടനകൾ തുടങ്ങും വിധം വ്യക്തികൾ അസ്തമിച്ചാലും തങ്ങളുടെ ചിന്തകളും പ്രവർത്തനങ്ങളും സമൂഹത്തിലെ

സഹജീവികൾക്ക് ഒരു തണലായി എന്നും ഉണ്ടാകും എന്ന ചിന്തയോടെ നമ്മുക്ക് പുതിയതല്ല വേറിട്ട ചിന്തകൾ ആരംഭിക്കാം .....



ഷീന .വി .തോമസ്

കൈറ്റ് മിസ്ട്രസ്സ്

# മഹത് വചനങ്ങൾ

. ജീവിതത്തെപറ്റി വളരെ ലളിതമായ വീക്ഷണമാണ് എനിക്ക് ഉള്ളത്. അത് ഇങ്ങനെയാണ്- നിങ്ങളുടെ മിഴികൾ തുറന്നു പിടിക്കുക, എന്നിട്ട് ധൈര്യപൂർവം മുന്നോട്ടു പോവുക.

. നേർത്ത വൈരുധ്യങ്ങൾ ചേർന്നാണ് ജീവിതം ഉണ്ടാകുന്നത്.

. ഈ ഭൂമിയെ നിലനിർത്തുന്നത് സ്ന്ഹം തന്നെയാണ് എന്നാണ് എന്റ ഉറച്ച വിശ്വാസം.

.അനന്ദത്തിനു വേണ്ടിയുള്ള ആഗ്രഹമാണ് തെറ്റു ചെയ്യാനുള്ള ഏറ്റവും വലിയ പ്രേരകശക്തി.

.ജീവിതം ഒരു ചെറിയ മെഴുകുതിരിയല്ല.ജ്വലിക്കുന്ന ദീപം ആണ്.

.ഒരു ജാതി, ഒരു മതം, ഒരു ദൈവം.



മഹിമ മഹേഷ്

9 ബി

# വിദ്യാലയ ജീവിതം



ഈ

വിദ്യയെഅർത്ഥിച്ച വന്നവർ നാം ..
അറിവിന്നാഴിയിൽ നീന്തുന്ന വേളയിൽ
കയ്പ്പും മധുരവും നുണഞ്ഞവർ നാം..
ഈ വിദ്യാവിലാസിനി തൻ മാറിൽ നമ്മൾ
പങ്കുവെച്ച സുഖദുഖങ്ങൾ ഒരുപോൽ
വാക്കുകൾക്കിടവേള നൽകാതെ നമ്മൾ
നിത്യവും കൊഞ്ചിക്കുഴഞ്ഞു രസിച്ചു,
വർഷങ്ങളായി നാം പരിചയിച്ചൊരി വഴികളെ
കാലത്തിൻ സന്ധ്യയിൽ പിരിയുവാനാകുമോ?
നടക്കുവാനാകുമോ ഓർമ്മകൾ വെടിഞ്ഞ് ,
പറക്കുവാനാകുമോ ഈ വസന്തകാലം മറന്ന്,
വിധിയാം ദംഷ്ട്രകൾക്കിടയിലൂടെ നീങ്ങുമ്പോൾ
ഒരു തലോടലായ് ഉണരുന്നീ വിദ്യാലയ ജീവിതം ......



ലിനറ്റ് മറിയം വർഗീസ്
9 ബി

# അവൾ ഞാൻ തന്നെ

കരഘോഷത്തിന്റെ ശബ്ദം
വല്ലാതെ അകർഷിച്ചു . അവളുടെ ഹൃദയം
മഴത്തുള്ളികൾ വീഴുമ്പോലെ ശാന്തമായി .
വെറുപ്പിന്റെയും അസഹിഷ്ണതയും ചൊവ്വെയുള്ള
നോട്ടത്തിൽ നിന്നും പിറുപിറുക്കലിനിന്നും
മാറ്റിനിർത്തലിൽ നിന്നും അവൾക്ക് ഒരു
വീണ്ടെടുപ്പ് കിട്ടിയിരിക്കുന്നു . ആ ആർപ്പുവിളികൾ
അവളെ പഴയതെല്ലാം മറക്കാനുള്ള കരുത്ത്
നൽകി.അവൾ ഓരോ പടിയും ചവിട്ടി
ആവേശത്തോടെ സ്റ്റേജിലേക്കു പതിയെ കയറി .
ആദ്യം ആദ്യം നമ്മുടെ മുഖ്യമന്ത്രിക്കു വന്ദനം
നൽകി..ഇതു തന്നെ അവൾ ഇരിപ്പിടത്തിൽ
ഇരിക്കും വരെ ചെയ്യതു.നമ്മുടെ എല്ലാ
വിഭാഗത്തിൽ ഉള്ള മന്ത്രിമാരും അവിടെ
വന്നെത്തിയിരുന്നു.ഞാൻ സ്റ്റേജിനു താഴേക്കു ഒന്ന്

കണ്ണോടിച്ചു .. അവിടെ അതാ അവളുടെ അമ്മ നിർവൃതിയണിഞ്ഞ് അഭിമാനത്തോടുകൂടി ഇരിക്കുന്നു . ഈ 28 വർഷങ്ങൾക്കു ശേഷമാണ് അവളുടെ അമ്മ ഇത്രയും അഭിമാനത്തോടുകൂടി പുഞ്ചിരിക്കുന്നത് ഞാൻ കണ്ടത് .. അവളെക്കുറിച്ച് അമ്മ കേൾക്കുന്നത് അത് അധ്യാപകരിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും , കുടുംബത്തിൽ നിന്നും , സുഹൃത്തുക്കളിൽ നിന്നും എത്രയോ അധികം അപമാനങ്ങൾ ശ്രവിച്ചിട്ടുണ്ട്. അതിൽ കുറെയൊക്കെ അവഗണിക്കും... ചിലതിന് മറുപടി നൽകും ബാക്കി ചിലതിന് നല്ല തല്ലു കിട്ടുകയും ചെയ്യുമായിരുന്നു .. ഒരിക്കൽ അവൾ പറഞ്ഞത് ഇന്നെന്ന പോലെ ഓർക്കുന്നു ....

സുഹൃത്തുക്കൾ എന്നു പറയാൻ ആരുമില്ലായിരുന്നു എൽ . കെ . ജി മുതൽ 4ാം ക്ലാസ്സ് വരെ കൂട്ടുകാരുടെ

പീഡനത്തിൽ ഒരു പരാതിയില്ലാതെ ജീവിച്ചു .
5ാം ക്ലാസ്സ് മുതൽ കൂട്ടുകാരുടെ വില ഞാൻ
മനസ്സിലാക്കി. എന്നെ സ്നേഹിക്കാൻ അവർ
ഒത്തൊരുമിച്ചു . അവരിൽ മൂന്നുപേർ
മാത്രമായിരുന്നു പെൺകുട്ടികൾ ...ബാക്കി എല്ലാം
ആൺകുട്ടികൾ ..പെൺകുട്ടികളെ ഞാൻ
സ്നേഹത്തോടെ വിളിച്ചിരുന്നത് ശുക്കു , സോനാ ,
അഞ്ചിമ ...എന്നിങ്ങനെ ആയിരുന്നു .8ാം ക്ലാസ്സ്
മുതൽ 10ാം ക്ലാസ്സ് വരെ വീണ്ടും മൂന്നു
പെൺകുട്ടികളെ കിട്ടി . അവർ കല്ല്യാണി , മീനാ
, അമ്മു ...ഇവർ എന്നെ പഠനത്തിലും മറ്റും
സഹായിച്ചു . 10 ാം ക്ലാസ്സിനു ശേഷം ഒരു
മാലയിലെ മുത്തുകൾ ചിതറും പോലെ
ഞങ്ങളെങ്ങോട്ടേക്കോ പോയി . പഠനത്തിലൂടെ
ഞാൻ എന്റെ മികവുകളെ തെളിയിച്ചു . ഒരു
പീഡിയാട്രീഷൻ ആയി . എന്റെ അടുക്കൽ
രോഗവുമായി വരുന്ന കുട്ടികളെ ഞാൻ സ്നേഹിച്ചു .

അവരെ മനസ്സ നിറയെ ഞാൻ സ്നേഹിച്ച ..
ലാളിച്ച ..അങ്ങനെ ഒരു ദിവസം ആയിരുന്നു അത്
സംഭവിച്ചത്..... എന്റെ ഹോസ്പിറ്റലിന്റെ
എതിർവശത്ത് ഒരു സ്കൂൾ ഉണ്ട്. പേരു കേട്ട
പ്രശസ്ത സ്കൂൾ ....

പെട്ടന്ന് ആരോ വിളിക്കും
പോലെ ഞാൻ മനസ്സിന്റെ ഉറക്കം വെടിഞ്ഞു
ഞെട്ടിയുണർന്നു . അപ്പോളാണ് അവൾ
സ്റ്റേജിലാണല്ലോ എന്ന ബോധം വന്നത്. അവൾ
പ്രസംഗ പീഠത്തിന്റെ അടുക്കൽ വന്നു .
എല്ലാവരെയും ഒന്നു നോക്കി . എന്നിട്ട് പറഞ്ഞു
തുടങ്ങി...

മാന്യസദസ്സിനു എന്റെ നമസ്കാരം...
വേദിയിൽ ഉപവിഷ്ഠരായിരിക്കുന്ന വിശിഷ്ഠ
വ്യക്തികളെ , മാതാപിതാക്കളെ , എന്റെ
സഹോദരി സഹോദരന്മാരെ ,
നിങ്ങൾക്കെല്ലാവർക്കും എന്റെ സ്നേഹ വന്ദനം .

വലിയ പ്രസംഗത്തിനായിട്ടല്ല ഞാൻ ഇവിടെ വന്നിരിക്കുന്നത് . ചില പ്രധാന കാര്യങ്ങൾ മാത്രം ഞാൻ സൂചിപ്പിക്കാം . നാം പലപ്പോഴും ഒരുപാട് സുഹൃത്തുക്കളെ ചുമക്കുന്നവരാകാം . എന്റെ ചോദ്യം ഇതാണ് , നമ്മിൽ ആരെങ്കിലും ഒരു വണ്ണമുള്ള , നീളം കുറഞ്ഞവരെ സുഹൃത്തുക്കൾ ആക്കുമോ ? സൗന്ദര്യം കുറഞ്ഞവരുടെ കൂടെ ഇരിക്കുമോ ? നാം പലപ്പോഴും സുഹൃത്തക്കളുടെ ശാരിരികമായ സൗന്ദര്യം കണ്ട് അവരെ സുഹൃത്തക്കൾ ആക്കും.. നാം എപ്പോഴും വെളുത്ത നിറവും സീറോ സൈസും ആഗ്രഹിക്കാറുള്ളവരാണ് . അപ്പോൾ സ്വഭാവികമായും നമ്മുടെ സ്റ്റാറ്റസിനു അനുസരിച്ചുള്ള സുഹൃത്തുക്കളെ തിരഞ്ഞെടുക്കും ..ഏതെങ്കിലും തരത്തിൽ അസുഖം പിടിപ്പെട്ടതാണെങ്കിൽ പിന്നെ പറയുക വേണ്ട ... അതെന്താ അങ്ങനെ എന്നു ചോദിച്ചാൽ നമ്മുടെ മനസ്സാണ് കാരണക്കാരൻ . എന്റെ

ഹോസ്പിറ്റലിന്റെ എതിർവശത്തുള്ള സ്കൂളിലെ വിദ്യാർത്ഥികളും മാതാപിതാക്കളും ഒരുപോലെ സമരം ചെയ്തു . കാരണം അവിടെയുള്ള ഒരു കുട്ടിക്കു എയിഡ്സ് ഉണ്ട് .. ഞാൻ ഇത് ഒരു കുട്ടിയോടു ചോദിച്ചപ്പോൾ ആ കുട്ടിയുടെ മുഖത്തു വെറുപ്പിന്റെ ഭാവം ഞാൻ അവരെ ഒരുപാടു ഉപദേശിച്ചു നോക്കി . ഒരു രക്ഷയുമില്ലാ .അവസാനം ഞാൻ ആ കുട്ടിയെ പഠിപ്പിക്കാൻ തുടങ്ങി..അതോടൊപ്പം ഈ അസുഖം താല്കാലികമായി ഉന്മൂലനം ചെയ്യാൻ ഞാൻ മരുന്ന് കണ്ടുപിടിച്ചു . അവസാനം ഞാൻ വിജയത്തിൽ എത്തി . അവൾ ഇന്ന് സുഖം പ്രാപിച്ച് ഇന്ന് 10 ാം ക്ലാസ്സിൽ പഠിക്കുന്നു . നിങ്ങളോട് എനിക്ക് ഒന്നേ പറയാനുള്ളു ... നാം ഒരിക്കലും മറ്റൊരാളുടെ ശരീര പ്രകൃതി കണ്ടോ അസുഖങ്ങൾ കൊണ്ടോ വെറുക്കരുത് . നിങ്ങൾ പറയുന്ന പോലെ ഇവർക്ക് വെളുപ്പ് ഉണ്ടാകില്ലാ , നീളം ഉണ്ടാകില്ലാ സീരോ സൈസ് ആകണമെന്ന് ഇല്ല

. എന്നാൽ നിങ്ങൾ പറയുന്ന ഈ വിശേഷണങ്ങക്കാൾ നല്ലൊരു മനസ്സ് , സ്നേഹിക്കാനും കരുതാനും ഉണ്ടാകും . എനിക്കും ഉണ്ടായിരുന്നു അങ്ങനെ ചിലർ ..... അവർ ഒക്കെ ഇപ്പോ എവിടെയാണെന്ന് എനിക്ക് അറിയില്ല . എന്നെങ്കിലും എന്നെ കാണാൻ അവരെത്തും .. എനിക്കുറപ്പാണ്.

ഞാൻ അമ്മയെ ഒന്നു നോക്കി..അമ്മയുടെ കണ്ണ് നിറഞ്ഞ് തോക്ക് ുകുന്നുണ്ടായിരുന്നു .

നന്ദി , നമസ്കാരം ..

ഇത്രയും പറഞ്ഞ് ഇരിപ്പിടത്തിലേക്കു നീങ്ങിയപ്പോൾ അതാ അവിടെ ഒരു ലിയ കരഘോഷം ... ഉയർന്നു.... അത് അവളെ അഭിനന്ദിച്ചു കൊണ്ടുള്ള ഒന്നായിരന്നു ... ഞാൻ അമ്മയുടെ മുഖത്തേക്കു വീണ്ടും നോക്കി . അമ്മ മനസ്സുക്കൊണ്ടു അനുഗ്രഹിച്ചപ്പോലെ എനിക്കു

*തോന്നി . ഞാൻ ഇരിപ്പിടത്തിലേക്കു ചെന്നിരുന്നു . വെള്ളം ഗ്ലാസ്സിൽ നിന്നു കുടിക്കുമ്പോഴും എന്റെ ഹൃദയം അവളെ കാണാൻ വല്ലാതെ മോഹിച്ചു ..*



*ജാസ്മിൻ പി ജേക്കബ്*

*10 സി*

# അനുസരണ

അനുസരണയ്ക്ക് എവിടെയും സ്ഥാനമുണ്ട് . അനുസരണയാൽ ബന്ധിക്കപ്പെടാത്ത സംഘടന നിലനിൽക്കുകയോ വിജയം പ്രാപിക്കയോ ചെയ്യുകയില്ല.അടർക്കളത്തിൽ അണിനിരന്നിരിക്കുന്ന സൈന്യ വ്യൂഹങ്ങളെ നോക്കുക.പടനായകന്റെ ഒരു വാക്ക് അവരെ കർമ്മോന്മുഖരാക്കുന്നു . മൃത്യുവിന്റെ വക്രതത്തിലേക്ക് അവർ കുതിച്ചുപായുന്നു . വിജയരഹസ്യം അനുസരണയില്ലാണെന്നും അവർക്കറിയാം . ക്ലാസ്സിലും കളിസ്ഥലത്തും കുടിലിലും കൊട്ടാരത്തിലും കുടുംബത്തിലും സമുദായത്തില്ലും എന്നുവേണ്ട എവിടെയും അനുസരണ അനുപേക്ഷിണീയമാണ് . മാതാപിതാക്കന്മാരോട് അനുസരണ കാട്ടാത്ത വീടും,ഗുരുക്കന്മാരോട് അനുസരണ ശീലിക്കാത്ത വിദ്യാലയവും അധോഗതിയെ പ്രാപിക്കുന്നതായി

**നാം കാണുന്നില്ലേ ?**

**അനുസരണയ്ക്കു വിലങ്ങുതടിയായി നില്ക്കുന്നത് നമ്മുടെ അഹങ്കാരമല്ലാതെ മറ്റെന്താണ് ?**

**അനുസരിക്കുന്നവൻ വിനയവാനാണ് , സ്വാർത്ഥരഹിതനുമാണ് . അനുസരണയുടെ നുകത്തിന് നമ്മളെത്തന്നെ കീഴ്പ്പെടുത്തുക...**



**മഹി കെ കുഞ്ഞുമോൻ**
**9 സി**

# കടപ്പാട്..

**"ജ്വാലയ്ക്ക്"** തിരി തെളിയിച്ച പുത്തൻക്കാവ് സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും,ഞങ്ങൾക്ക് മാർഗനിർദ്ദേശം നൽകിയ സ്കൂൾ ഹെഡ്മിസ്ട്രസ്സ് ജെസ്സി ടീച്ചർ, പ്രിൻസിപ്പാൾ പ്രിയ ടീച്ചർ, സ്കൂൾ ഐറ്റി കോ-ഓർഡിനേറ്റർ മിനി ടീച്ചർ, കൈറ്റ് മാസ്റ്റർ ജയൻ സാർ, കൈറ്റ് മിസ്ട്രസ്സ് ഷീന ടീച്ചറിനും മറ്റ് അദ്ധ്യാപകർക്കും ഉള്ള നന്ദി രേഖപ്പെടുത്തി കൊള്ളുന്നു. എല്ലാത്തിനുമുപരിയായി പാതി വഴിയിൽ തളരാതെ പരിപാലിച്ച നടത്തിയ അദൃശ്യ ശക്തിക്കു മുമ്പിൽ നമിച്ചുകൊണ്ട് സമർപ്പിക്കുന്നു....

എഡിറ്റർ

ആനിയ സൂസൻ വർഗീസ്



ജ്വാല

ജ്വാല